"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - അക്കാദമികം - സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പോളിടെക്നിക് കോളേജുകളിൽ പഠിക്കുന്ന ഭിന്നശേഷി വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് ആനുകൂല്യം അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.70/2026/HEDN തീയതി,തിരുവനന്തപുരം, 27-01-2026

---

പരാമർശം:-
1. 16.02.2011 തീയതിയിലെ സ.ഉ.(കൈ) നം.22/2011/ഉ.വി.വ.
2. 16.01.2013 തീയതിയിലെ സ.ഉ.(കൈ) നം.13/2013/ഉ.വി.വ
3. 29.10.2024 തീയതിയിൽ കൂടിയ എസ്.ബി.ടി.ഇ യോഗനടപടിക്കുറിപ്പ് .
4. 2.09.2025 തീയതിയിലെ സ.ഉ.(കൈ) നം.654/2025/ഉ.വി.വ
4. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 05.02.2025, 18.07.2025 ലെ ഡി.ടി.ഇ.ടി.വി.എം/706/2025-സി2 (എ.സി.എ) നമ്പർ കത്ത്.

**ഉത്തരവ്**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ഡിപ്ലോമ പരീക്ഷ എഴുതുന്ന ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാങ്കേതിക പരീക്ഷാ കൺട്രോളർ നടത്തുന്ന പരീക്ഷകളിൽ ഇളവുകൾ ഏർപ്പെടുത്തി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ പരാമർശം (2) പ്രകാരം മിനിമം മാർക്ക് നേടാനാകാത്ത ശ്രവണ വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് മോഡറേഷനായി ഓരോ തിയറി പേപ്പറിലും പരമാവധി മാർക്ക് 25% മാർക്ക് മറ്റ് ഇളവുകൾക്കൊപ്പം അനുവദിച്ചും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സ്റ്റേറ്റ് ബോർഡ് ഓഫ് ടെക്നിക്കൽ എക്സാമിനേഷന്റെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ബി, സി കാറ്റഗറി വിഭാഗം വിദ്യാർത്ഥികൾക്ക് പോളിടെക്നിക് കോളേജുകളിലെ ഇൻസ്റ്റിറ്റ്യൂഷൻ ലവൽ പരീക്ഷകളിലെ തിയറി പേപ്പറുകൾക്ക് ഗ്രേസ് മാർക്ക് അനുവദിച്ചു നൽകുന്നതിന് പരാമർശ കത്തുകൾ പ്രകാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, പരാമർശം (1) സർക്കാർ ഉത്തരവിലെ ഖണ്ഡിക 2 ന് ചുവടെയുള്ള പട്ടികയിലെ ബി (Hearing Impaired (deaf and dump), സി (Mentally Challenged ,physically handicapped ,Autism ,Blindness)) വിഭാഗത്തിൽപെടുന്ന വിദ്യാർത്ഥികൾക്ക് ഇൻസ്റ്റിറ്റ്യൂഷൻ ലെവൽ പരീക്ഷകളിലെ ഓരോ തിയറി പേപ്പറിനും പരമാവധി 25% ഗ്രേസ് മാർക്ക് അനുവദിച്ചു കൊണ്ടും, ലാറ്ററൽ എൻട്രി ടെസ്റ്റ് (LET) മുഖേനെ പ്രവേശനം നേടുന്ന മേൽപ്പറഞ്ഞ എല്ലാ വിഭാഗങ്ങളിലെയും വിദ്യാർത്ഥികളികൾക്ക്

ബ്രിഡ്ജ് കോഴ്സ് തിയറി പേപ്പറുകളിൽ പരമാവധി 25% ഗ്രേസ് മാർക്ക് അനുവദിച്ച് കൊണ്ടും, ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് എം
ജോയിന്റ് സെക്രട്ടറി

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
സാങ്കേതിക പരീക്ഷാ ജോയിന്റ് കൺട്രോളർ, തിരുവനന്തപുരം.
എല്ലാ പോളിടെക്നിക് കോളേജ് പ്രിൻസിപ്പൽമാർക്കും (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മുഖേനെ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് ( വെബ് & ന്യൂ മീഡിയ)
www.highereducation.kerala.gov.in
കരുതൽ ഫയൽ/ഓഫീസ പകർപ്പ്/(L2/335/2025/HEdn).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.